# ധർമ്മത്തിന്റെ നാനാർത്ഥങ്ങൾ:
## ഇടശ്ശേരിക്കവിതയുടെ അടിയടരിലേയ്ക്ക് ഒരു തീർത്ഥയാത്ര

### ചാത്തനാത്ത് അച്യുതനുണ്ണി

ധർമ്മത്തിന്റെ നാനാർത്ഥങ്ങളാണ് ഇടശ്ശേരിക്കവിതയുടെ പ്രമേയരൂപമായ ആന്തരികഘടനയിൽ പ്രകാശിക്കുന്നത്. ജീവിതത്തെയും പ്രപഞ്ചത്തെയും പറ്റിയുള്ള പരമ്പരാഗതവും സ്വാർജ്ജിതവുമായ സങ്കൽപനങ്ങളിൽനിന്ന് കവി ബോധാബോധ തലങ്ങളിൽ രൂപപ്പെടുത്തുന്ന അമൂർത്തമായ ദർശനത്തിന്റെ ആവിഷ്കാരമാണ് പ്രമേയം. ഒന്നിനു മേലൊന്നായടുക്കിവെച്ച അനേകം അടരുകളുടെ സമവായമായ കാവ്യശില്പത്തിന്റെ അടിയടരാണത്. പ്രമേയത്തെ ഭാവനാകല്പിതമായ ആഖ്യാനശില്പമായി വികസിപ്പിച്ച രൂപഘടനയാണ് ഇതിവൃത്തം. പ്രമേയഘടനയുടെ വിവിധഘടകങ്ങളിൽ നൽകുന്ന ഊന്നലിന്നനുസരിച്ച് വിഭിന്നവും വിചിത്രവുമായ ഇതിവൃത്തങ്ങൾ മെനഞ്ഞെടുക്കാം. പ്രമേയപരികല്പനയും ഇതിവൃത്തവിധാനവും മുതൽ വർണയോജനയും താളശില്പവുംവരെയുള്ള രചനാതന്ത്രങ്ങൾ കവിയുടെ ഉള്ളിൽ സ്ഫുരിക്കുന്ന പരാവാക്കിന്റെ, പ്രതിഭയുടെ, ഉദ്ഗാരങ്ങളാണെന്നത്രേ ഭാരതീയമതം. ഇതിലെ അതിഭൗതികമാനത്തെ ചോദ്യംചെയ്യുന്ന ആധുനികോത്തരമായ സാഹിത്യസങ്കല്പങ്ങളും മിക്കവാറും ഈ നിഗമനത്തിലെത്തുന്നുണ്ടെന്നതത്രേ വാസ്തവം.

പ്രമേയം, ഇതിവൃത്തം, ആശയം അർഥം, ഉള്ളടക്കം എന്നെല്ലാം വ്യപദേശിക്കപ്പെടുന്ന ഭാവശില്പഘടനകൾക്ക് വർണം മുതൽ പ്രബന്ധംവരെയുള്ള രൂപശില്പഘടനകളിൽനിന്ന് വ്യതിരേകം കല്പിക്കുന്നത് വ്യാവഹാരികതലത്തിൽ മാത്രമേ സംഗതമാകൂ. ഭാഷാശാ-സ്ത്രത്തിന്റെയും സാഹിത്യശാസ്ത്രത്തിന്റെയും കാഴ്ചപ്പാടിൽ ഭാവരൂപങ്ങൾക്ക് അവിഭാജ്യമായ ഏകത്വംതന്നെയാണുള്ളത്. കാളിദാസനെപ്പോലുള്ള മഹാകവികൾ സാക്ഷാത്കരിച്ചിട്ടുള്ള ഈ വാഗർഥസംപൃക്തി ഇടശ്ശേരിയും സ്വന്തം പണിപ്പുരയിൽ നേരിട്ടനുഭവിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്:

> ഭാവരൂപങ്ങൾ ഒന്നിച്ചാണോ ജനിക്കുന്നത്? ഞാൻ മുമ്പുദാഹരിച്ച അനുഭവങ്ങൾ മറിച്ചാണെന്ന ശങ്കയ്ക്ക് വഴിവെയ്ക്കുന്നില്ല എന്നല്ല, എപ്പോഴെങ്കിലും ഒരു രൂപം കയ്യിൽവെച്ച് ഭാവത്തിനോ, ഭാവലബ്ധിക്കുശേഷം രൂപത്തിനോ തിരച്ചിൽ നടത്തിയതായി എനിക്കോർമയില്ല. അമൂർത്തമായ ആശയങ്ങൾക്ക് മനസ്സ് രൂപംകൊടുക്കുന്നു. അങ്ങനെ ഒരാശയം ജന്മമെടുക്കുന്നതോടുകൂടി കാവ്യരൂപവും സംജാതമാകുന്നു എന്ന് മനോവിജ്ഞാനീയത്തിലുള്ള സ്വന്തം പാണ്ഡിത്യക്കുറവിനെ മറക്കാതെതന്നെ സ്വാനുഭവംകൊണ്ട് പറയാമെന്നായിട്ടുണ്ട്. ('എന്റെ പണിപ്പുര', 1962)

ഭാവശില്പമെന്നും രൂപശില്പമെന്നും വിവേചിക്കപ്പെട്ടുപോരുന്ന കാവ്യാംശങ്ങളെല്ലാം രൂപരചനാതന്ത്രത്തിലുൾപ്പെടുന്നതാണെന്ന തത്ത്വം പ്രാചീനസംസ്കൃതാലങ്കാരികനായ *വക്രോക്തിജീവിത*കാരനെപ്പോലെയും ഘടനാവിജ്ഞാനം ചിഹ്നവിജ്ഞാനീയം മുതലായ ആധുനിക വിമർശനപദ്ധതികളിൽ വ്യാപരിക്കുന്ന സാഹിത്യമീമാംസകന്മാരെപ്പോലെയും ഇടശ്ശേരി സ്വാനുഭവത്തിൽനിന്നുതന്നെ കണ്ടെത്തുകയുമുണ്ടായി:

> കാവ്യനിർമ്മിതിക്ക് തിരഞ്ഞെടുക്കുന്ന ഇതിവൃത്തംമുതൽ ആശയവിനിമയത്തിന്നായി ഉപയോഗിക്കുന്ന വാക്കുകൾവരെ വിഷയം, വിഷയത്തിന്റെ വിഭജനം, പ്രതിപാദനം, അലങ്കാരം, വൃത്തം എല്ലാം രൂപത്തിൽ ഉൾപ്പെടുന്നു. ('കാവ്യരൂപം', *ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ*, മാതൃഭൂമി, പു. 67).

ഈ രൂപശില്പപരമ്പരയുടെ അടിസ്ഥാനസാമഗ്രിയാണ്, ബീജഭൂതമായ ശക്തിയാണ്, പ്രമേയഘടന. ഇടശ്ശേരിക്കവിതയിലെ മുഖ്യപ്രമേയം ചിരന്തനമൂല്യമായ ധർമ്മംതന്നെയാണ്. 1970-ൽ കേന്ദ്രസാഹിത്യഅക്കാദമി പുരസ്കാരം സ്വീകരിച്ചുകൊണ്ടുചെയ്ത പ്രഭാഷണത്തിൽ അദ്ദേഹം പ്രസ്താവിക്കയുണ്ടായി:

> യുഗാന്തരങ്ങളിലൂടെ കടന്നുവന്ന ഋഷിപ്രോക്തങ്ങളുണ്ടല്ലോ, സത്യം വദ ധർമ്മം ചര എന്ന അർഥഭ്രാന്തിക്ക് ഇടയില്ലാത്ത ആഹ്വാനം, അതേറ്റു പാടുക എന്നതാണ് കവിധർമ്മം എന്നാണ് എന്റെ അഭിപ്രായം ('ഡൽഹി പ്രഭാഷണം', *ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ*, പു. 36).

ധർമ്മമെന്ന സങ്കല്പനം സങ്കീർണവും ബഹുമാനകവുമാണ്. വാച്യവും ഏകമുഖവുമായ അർഥം തരുന്ന ശബ്ദമല്ല അത്. മനുഷ്യവർഗത്തിന്റെ ചരിത്രവും

സംസ്കാരവുമിടകലർന്ന അനേകം ബന്ധമണ്ഡലങ്ങൾ ചുഴന്ന അക്ഷയമായ വ്യഞ്ജകമാണത്. ധർമ്മത്തിന്റെ ഋജുവും ലളിതവുമായ ഉപരിഘടനയ്ക്കടിയിൽ ദുർഗ്രഹമായ ആഴങ്ങളുണ്ട്. 'ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം.' 'ധർമ്മരഹസ്യം ഗുഹാനിഹിതമെന്നു മഹർഷിമാർ പറയുന്നു' എന്ന് ഇടശ്ശേരിയും ചൂണ്ടിക്കാണിക്കുന്നു. ('എന്റെ കാഴ്ചപ്പാട്', *ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ*. പു. 4).

ധർമ്മത്തെ ചുഴന്നുനിൽക്കുന്ന പ്രകാശവലയങ്ങളാണ് സത്യം, സ്നേഹം, വാത്സല്യം, പ്രണയം, ഭക്തി, നന്മ, ധൈര്യം, ത്യാഗം, കാരുണ്യം, നിസ്വാർഥത, ആസ്തിക്യം, പാരമ്പര്യം, ഗ്രാമീണമായ വിശുദ്ധി, നിഷ്കളങ്കത, ആർജവം മുതലായവ. ഇവയുടെ മൂല്യം അഥവാ അർഥം നിർണയിക്കപ്പെടുന്നത് വിരുദ്ധകോടികളെ ചേർത്തുവെയ്ക്കുന്ന ദ്വന്ദ്വാത്മകഘടനയിലാണ്. അർത്ഥത്തെസ്സംബന്ധിച്ച നമ്മുടെ അടിസ്ഥാനസങ്കല്പങ്ങൾ ആർഥികമാത്രകൾ തമ്മിൽ നിലവിലുള്ളതായി നമുക്കു തോന്നുന്ന വൈരുധ്യത്തിലൂടെയാണ് പ്രതീതമാകുന്നതെന്ന് ഘടനാവാദികൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇരുട്ട് വെളിച്ചം, സത്യം അസത്യം മുതലായവ പരസ്പരവൈരുദ്ധ്യത്തിലൂടെ നിർവചിക്കപ്പെടുന്നു. ഇതാണ് മനുഷ്യമനസ്സിന്റെ സാമൂഹികയുക്തിയെന്ന ലവി സ്റ്റ്റാസിന്റെ സങ്കല്പനത്തിനു നിദാനം. അത് സ്വന്തം മാതൃകയിൽ ലോകത്തെ ചിത്രീകരിക്കുകയത്രേ. അർഥശക്തിയുടെ പ്രാഥമികഘടന വിരുദ്ധദ്വന്ദ്വവിധാനത്തെ ആസ്പദിച്ചാണെന്ന് എ.ജെ. ഗ്രീമാസ് സൊസ്യൂറിനെയും ജാക്കോബ്സണെയും അനുവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. ധർമ്മത്തിന്റെ അർഥം നിർണയിക്കപ്പെടുന്നത് അധർമ്മത്തിന്റെ സാഹചര്യത്താലാണ്. അതുപോലെ സത്യം മുതലായ അനുബന്ധികളുടെ മൂല്യം തെളിയുന്നത് അസത്യം, വെറുപ്പ്, നിന്ദ, ക്രൂരത, ഭീരുത്വം മുതലായ വിരുദ്ധദ്വന്ദ്വങ്ങൾ ഇണക്കിനിർത്തുമ്പോഴാണ്. അർഥനിർണ്ണയത്തിന്നുവേണ്ടി അങ്ങനെ ഇണക്കിനിർത്തിയാൽപ്പോലും ധർമ്മാധർമ്മങ്ങളെയും നന്മതിന്മകളെയും വ്യക്തമായി വിവേചിക്കുക എളുപ്പമല്ല. 'നന്മതിന്മകളുടെ അതിർവരമ്പ് സൂക്ഷ്മാൽ സൂക്ഷ്മതരമാണ്' എന്ന് ഇടശ്ശേരി (എന്റെ കാഴ്ചപ്പാട്).

'യതോ ധർമ്മസ്തതോ ജയഃ' എന്ന ആർഷസൂക്തമാണ് ഇടശ്ശേരിക്ക് ജീവിതത്തിലും കവിതയിലും കരുത്ത് നൽകിയത്. ധർമ്മം അധർമ്മത്തിന്മേൽ വിജയം നേടി മൂല്യം തെളിയിക്കും എന്ന പ്രമേയമാണ് അദ്ദേഹത്തിന്റെ പ്രധാനകവിതകളുടെയെല്ലാം അടിസ്ഥാനധാര. അതിന്റെ വിവിധച്ഛായകളെ ആഖ്യാനാത്മകമായി അവതരിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ മിക്ക കവിതകളും.

ഇടശ്ശേരിയുടെ ധർമ്മസങ്കല്പത്തിന് മാതൃത്വത്തോടുള്ള ബന്ധം സുദൃഢമാണ്. ധർമ്മവും മാതൃത്വവും തമ്മിൽ രൂപകാത്മകമായ സംബന്ധമാണുള്ളത്. ഏതു കുഞ്ഞിന്റെ മനസ്സിലേയ്ക്കും ധർമ്മം എന്ന പ്രപഞ്ചസത്ത ആദ്യം കടന്നുവരുന്നത് അമ്മയുടെ രൂപത്തിലാണ്. അമ്മ സംരക്ഷണം തരുന്നു എന്ന ആദ്യത്തെ അറിവ് എക്കാലവും മായാത്ത അടയാളമാവുന്നു. അതിന്റെ ഫലമായാണ് എത്ര മുതിർന്നാലും നാം യാദൃച്ഛികമായ ആഘാതങ്ങളിൽ അമ്മേ എന്നു വിളിച്ചുപോവുന്നത്. ഇടശ്ശേരി ഗോവിന്ദൻനായരാകട്ടെ, ദാരിദ്ര്യത്തിന്റെ പിടിയിൽപെട്ട ഒരു തറവാട്ടിലാണ് ജനിച്ചത്. ചെറുപ്പത്തിലേ അച്ഛൻ മരിച്ചുപോയതിനാൽ പഠിപ്പു തുടരാനായില്ല. അമ്മയ്ക്ക് മകനെ പഠിപ്പിക്കണമെന്ന മോഹമുണ്ടായിരുന്നെങ്കിലും അതു നടന്നില്ല. എന്തെങ്കിലും പണിയെടുത്ത് അമ്മയ്ക്കു നാഴിക്കഞ്ഞി കൊടുക്കാൻ വഴിയാരാഞ്ഞ് മകൻ വക്കീൽഗുമസ്തപ്പണി പഠിക്കാൻ ആലപ്പുഴയ്ക്കു പോയി. ആദ്യം കൈയിൽവന്ന രണ്ടര ഉറുപ്പികകൊണ്ട് അമ്മയ്ക്കൊരു പുതപ്പു വാങ്ങാനായിരുന്നു വിചാരം. ആലപ്പുഴയിൽ ചെന്ന് ഒരു കുറ്റിപ്പുറത്തുകാരന്റെ കൈയിൽ കൊടുത്തയച്ച പണം വാങ്ങാൻ ആ അമ്മയ്ക്കു യോഗമുണ്ടായില്ല. ദുഃഖം ഘനീഭവിച്ചു നിൽക്കുന്ന ഈ വീടാക്കടം, 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിൽ ആട്ടിടയന്റെ അനുഭവമായി വിവരിച്ചിട്ടുണ്ട്.

എനിക്കുമൊരു മാതുണ്ടായീ പ-
ണ്ടെന്നെ നൃപന്നു കൊടുത്തപ്പോൾ
കിട്ടിയ വിൽക്കാശപ്പടിയെന്നുടെ
കോന്തലയ്ക്കലുടക്കിയവൾ.
അവൾക്കു കുളിരിന്നു കമ്പിളി നേടി-
പ്പിന്നീടെന്നോ ഞാൻ ചെൽകെ
ഒരട്ടിമണ്ണു പുതച്ചു കിടപ്പൂ
വീടാക്കടമേ മമ ജന്മം!

ഇത് മകന്റെ അനുഭവം. ഉദ്യോഗം തേടി മറുനാട്ടിൽ അലയുന്ന മകനെക്കുറിച്ചുള്ള അമ്മയുടെ വേവലാതി 'ഒരമ്മ പാടുന്നു' എന്ന കവിതയിൽ തുടിക്കുന്നു:

ദൂരദേശഗനെന്മകനെന്തേ
വരാഞ്ഞതിനിയും വത്സലൻ!
പൂ വിളിപ്പൂ പുലരെപ്പുലരെ-
പ്പുരന്ധ്രിമാരുടെയോമനകൾ
നീറി നിൽപ്പൂ ഹൃദയമൊരമ്മയി-
ലൊരാളുമിത്തിരിയോരാതെ.

'സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, വാത്സല്യത്തിന്റെ ഈ സംസ്കാരംതന്നെയാണ് അമ്മയുടെയും അച്ഛന്റെയും ബന്ധത്തിൽ അലയടിച്ചുയർന്നത്. അച്ഛന്റെ കാവ്യമണ്ഡലത്തെ തഴുകി പരിപുഷ്ടമാക്കിയിരുന്നത്.' എന്ന് ഇടശ്ശേരിയുടെ മകൻ ഇ. മാധവൻ നിരീക്ഷിക്കുന്നു. ('അച്ഛൻ.' *ഇടശ്ശേരിയുടെ കവിതകൾ*, 1996, പു. 39).

ഇടശ്ശേരിയുടെ അന്തരാത്മാവിൽ അതിശക്തമായി ആണ്ടുകിടന്ന ഈ മാതൃബിംബം നിസ്വാർഥമായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും രക്ഷകത്വത്തിന്റെയും ആസ്തിക്യത്തിന്റെയും സർവോപരി ഇവയെല്ലാമുൾക്കൊള്ളുന്ന ധർമത്തിന്റെയും പ്രതീകമാണ്. സമൂഹാബോധമനസ്സിൽ കുടികൊള്ളുന്ന ആദിരൂപമായ മാതൃബിംബമായി ഇത് സാത്മ്യം പ്രാപിച്ചിരിക്കുന്നു. ഈ ധർമ്മബിംബം എത്ര ദുർബലമെന്നു പുറമേയ്ക്കു തോന്നാം. എന്നാൽ വാസ്തവത്തിൽ അത് ഏതു കൊടുങ്കാറ്റിനുമുലയ്ക്കാനാവാത്ത കരുത്താർന്ന സർഗ്ഗചൈതന്യമാണ്. വിരുദ്ധസാഹചര്യത്തിൽ അത് ആത്മത്യാഗത്തിന്റെ ആർദ്രതയാൽ ആ അക്രമിയുടെ മനസ്സു മാറ്റുകയും ചെയ്യും. ദുഃഖത്തെ നശിപ്പിക്കലല്ല മെരുക്കിയെടുക്കുകയുമല്ല അതിനെ ജയിക്കുക-അതാണ് മനുഷ്യന്റെ നയം. ഇവിടെ ധർമശാസ്ത്രങ്ങൾ വിലപ്പെട്ടവയാണ് എന്നാണ് ഇടശ്ശേരിയുടെ മതം. ('എന്റെ കാഴ്ചപ്പാട്'). ഈ സംഘർഷ-സമന്വയപ്രമേയം 'കാറ്റും വെളിച്ചവും' എന്ന കവിതയിൽ കാണാം. തിണ്ടിടിയുന്ന പുഴവക്കത്ത് നടാടെ പൂത്തുനിൽക്കുന്ന ദുർബലമായ തേന്മാവിൻതയ്യിന്റെ പൂങ്കുലകൾ തല്ലിയൊടിക്കാൻ ചീറിയടുത്ത കൊടുങ്കാറ്റ് ആ അമ്മയുടെ സ്നേഹത്തിനും ത്യാഗത്തിനും മുന്നിൽ തോറ്റുപോവുകയാണ്. മാത്രമല്ല, വിധേയമാവുകയും ചെയ്യുന്നു. മാതൃത്വത്തിന്റെ ധാർമ്മികചൈതന്യത്തെ ഇടശ്ശേരി വാഴ്ത്തുന്നു—

ദുർബലതേ നീ മാതാവാകെ
പ്രതിഭടശക്തികൾ നിൻ കുഞ്ഞിൻ പൂ-
ന്തൊട്ടിൽ പതുക്കനെയാട്ടുന്നു, നിൻ
കല്പന വിശ്വനിയാമകശക്തി.
അത്ഭുതമേലില്ലാ ഞാനാബ്ധി-
ത്തിരകളൊരീറ്റില്ലച്ചുവരായാൽ
അഗ്നിശിഖാവലി ചിറകുമുളയ്ക്കാ-
പ്പൈതങ്ങൾക്കൊരു ധാത്രിയുമായാൽ.

ഇതേ പ്രമേയമാണ് മറ്റൊരു രീതിയിൽ 'പൂതപ്പാട്ടി'ന്റെ ഇതിവൃത്തമായി രൂപപ്പെടുന്നത്. രക്ഷസ്സ്, ഭുവനേശ്വരി, യക്ഷി, പൊട്ടിപ്പിശാച് എന്നിങ്ങനെ പല രൂപത്തിലറിയപ്പെടുന്ന ഭീഷണ നിഗ്രഹസ്വഭാവയായ ഗ്രാമദേവത സാധാരണക്കാരിയായ ഒരമ്മയുടെ പുത്രവാത്സല്യത്തിന്റെയും ത്യാഗധീരതയുടെയും മുന്നിൽ തോറ്റുപോവുന്നതാണല്ലോ ആ കവിതയുടെ ഇതിവൃത്തം. മകനെത്തേടിയെത്തിയ അമ്മ സ്വന്തം കണ്ണു ചൂഴ്ന്നെടുത്തു കാണിക്ക വെയ്ക്കുകയും പൂതം മന്ത്രം ചൊല്ലി നിർമ്മിച്ചു നൽകിയ ഉണ്ണി തന്റെ മകനല്ലെന്നുകണ്ട് പൂതത്തെ ശപിക്കാനൊരുമ്പെടുകയും ചെയ്തപ്പോൾ അതിദാരുണ ശീലയായ ആ പൂതം ഞെട്ടിവിറച്ച് മാപ്പുപറഞ്ഞുവത്രേ. ക്രൗര്യവും വാത്സല്യവും തമ്മിലുള്ള സംഘർഷത്തിൽ ക്രൗര്യം പരാജയപ്പെട്ടു. പൂതം വെറുമൊരു പാവമായി മാറുകയും ചെയ്തു. ക്രൂരയായ പൂതത്തിനുള്ളിലും ഒരമ്മയുടെ വാത്സല്യം നിറഞ്ഞു നിൽക്കുന്നുണ്ടെന്നു കവി കാണിച്ചുതരുന്നു.

ധർമ്മവും അധർമ്മവും മനുഷ്യമനസ്സിൽ നിരന്തരം സ്ഘർഷത്തിലേർപ്പെടുന്നുണ്ട്. അതിലൂടെയാണ് പ്രപഞ്ചം പ്രതീതിഗോചരമാകുന്നത്. അതുകൊണ്ടുതന്നെ പ്രപഞ്ചാത്മാവായ ഈശ്വരസത്തയിലും ധർമ്മത്തോടൊപ്പം അധർമ്മം ചേർന്നുനിൽക്കുന്നുണ്ട്. ശതരുദ്രീയോപനിഷത്തിൽ ബ്രഹ്മത്തെ 'തസ്കരണാം പതയേ നമഃ' എന്നു വന്ദിക്കുന്നതിന്റെ

ന്യായമിതാണ്. ശതരുദ്രീയമോ ഘടനാവാദമോ പരിചയിച്ചിട്ടില്ലാത്ത ഇടശ്ശേരി ലോകവ്യവഹാരനിരീക്ഷണത്തിൽനിന്നും ആത്മശോധനയിൽനിന്നും ഈ പരമാർത്ഥം കണ്ടെത്തിയിരുന്നു.

> ധർമ്മരതിയും ധർമ്മാസക്തിയും എന്നിൽത്തന്നെയുണ്ട്. ഞാനെന്നതിന്റെ മൊത്തം സംഖ്യയാണ് പ്രപഞ്ചം. പ്രപഞ്ചാത്മാവായ ഈശ്വരൻ. ആ മൊത്തസംഖ്യയിൽനിന്നാണ് എന്നിലുള്ള എന്തും സംക്രമിച്ചത്. നന്മ ഈശ്വരനിൽനിന്നും തിന്മ ചെകുത്താനിൽനിന്നും സംക്രമിച്ചു എന്നു ഞാൻ വിശ്വസിക്കുന്നില്ല. കാരണം, ഒന്നല്ലാതെ രണ്ടില്ല. അതുകൊണ്ട് എന്റെ ഈശ്വരൻ പരമകാരുണികനാണ് എന്നപോലെ പരമക്രൂരനുമാണ്. ('എന്റെ കാഴ്ചപ്പാട്').

വ്യക്തിമനസ്സിലും പ്രപഞ്ചമനസ്സിലും വിളയാടുന്ന അധർമ്മത്തെ ധീരമായ ധർമ്മംകൊണ്ട് കീഴടക്കി ദുഃഖത്തിൽനിന്നു നമ്മെ ഉയർത്തണമെന്ന് ഇടശ്ശേരി ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്.

'പൂതപ്പാട്ടി'ലെ അമ്മയിൽക്കണ്ട ധർമ്മധീരതയുടെ മറ്റൊരു മുഖമാണ് 'കാവിലെ പാട്ടി'ൽ അവതരിപ്പിക്കുന്നത്. അവിടെ പ്രപഞ്ചാത്മാവായ സമയമതാലംബയായ ദേവിയുടെ ആദ്യത്തെ രൂപം ഹനനമാത്രചരിതയായ കന്യകയുടേതാണ്. മാതൃത്വത്തിന്റെ മാർദ്ദവം അതിനില്ല. ആയിരം കഴുത്തറുത്ത് ചോരകുടിച്ച ആ മഹാശക്തിശാലിനി ചോരകൊണ്ട് തെച്ചിമാലയിട്ട്, ചൊക ചൊകെ ചുകപ്പുടുത്ത് ക്രൂരയും കുപിതയുമായി മിന്നൽക്കൈവാളുകളിളക്കി കാളസർപ്പംപോലെ കലിയിളകിത്തുള്ളിയടുക്കുകയാണ്. കളരി വിട്ടുവന്ന ഇളംകുളിരൊളിത്തിടമ്പായ കുമാരൻ ദേവിയുടെ ആജ്ഞ ശിരസാ വഹിച്ച് തന്റെ കഴുത്തരിഞ്ഞ് ചോരവീഴ്ത്തി ദേവിയുടെ ദാഹം തീർത്തു. അവനെ തേടിയെത്തിയ അമ്മയുടെ പുത്രവാത്സല്യത്തിന്റെയും അതിനെ അതിശയിക്കുന്ന ധർമ്മധീരതയുടെയും മുന്നിൽ അധർമ്മത്തിന്റെ ക്രൗര്യമുടൽപൂണ്ട ദേവി പരാജിതയായി. മാത്രമല്ല, അന്നു മുതൽ മറ്റുള്ളവരുടെ തെറ്റുകൾക്കുള്ള ശിക്ഷപോലും സ്വയം ഏറ്റുവാങ്ങാൻ പോന്ന ഉദാത്തമായ ധർമ്മത്തിന്റെ മൂർത്തിയായി മാറുകയും ചെയ്തു. കാവിലെ വെളിച്ചപ്പാട് സ്വന്തം തല വെട്ടിപ്പൊളിക്കുന്നത് ഈ ധർമാഭിസന്ധിയുടെ നാടകീയാവിഷ്കാരമാണെന്നും ക്രിസ്തുവിന്റെ കുരിശാരോഹണവും ദിക്കാലാവച്ഛിന്നമല്ലാത്ത ഈ വെളിച്ചമാണ് പൊഴിക്കുന്നതെന്നും കവിതന്നെ കവിതയുടെ മുഖക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ കാര്യത്തിൽ ഇതു കേവലം ആദർശമല്ല, ജീവിതത്തിന്റെ അനുഭവപാഠമത്രേ.

സ്വന്തം തെറ്റിനു മാപ്പുകൊടുക്കാത്തവനും സ്വന്തം മക്കളെ ഏറെ താലോലിക്കാത്തവനുമായ ഇടശ്ശേരി മറ്റുള്ളവരുടെ ഏതു തെറ്റും പൊറുക്കുവാൻ മഹാമനസ്കത കാട്ടിയിരുന്നു. അന്യന്റെ അപരാധങ്ങൾ സ്വന്തം തലയിൽ ഏറ്റിവെച്ച് പ്രായശ്ചിത്തം ചെയ്യാൻ സന്നദ്ധനുമായിരുന്നു. (കെ. ഗോപാലകൃഷ്ണൻ, 'ഇടശ്ശേരി-ലഘുജീവചരിത്രം', *ഇടശ്ശേരിക്കവിതകൾ*, പു. 38).

'എന്റെ ജീവിതത്തിന്റെ നല്ല ഭാഗം മുഴുവനും ഞാൻ എന്നോടുതന്നെ നിർദയം ചെയ്ത തീവ്രസമരങ്ങളുടെ ചരിത്രമാണ്' എന്ന് ഇടശ്ശേരിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ('ഗാന്ധിജി എനിക്ക് എന്തുതന്നു?', *ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ*). സത്യം, ധർമ്മം, അഹിംസ എന്നീ ആദർശങ്ങളെ മുറുകെപ്പിടിക്കുന്നവരെ പിൻതള്ളിക്കൊണ്ട് തഞ്ചക്കാരുടെ ഒരു വ്യൂഹം മുന്നേറിക്കാണുന്നതിൽ ഇടശ്ശേരി ദുഃഖിതനായിരുന്നു. ('ഒരു കവിയുടെ വളർച്ച', *ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ*, പു. 25). ഈ അപചയം കുടുംബബന്ധങ്ങളിലേയ്ക്ക് വ്യാപിച്ചതിലുള്ള കടുത്ത പ്രതിഷേധം 'കവിതയെപ്പറ്റി എന്റെ സങ്കല്പങ്ങൾ' എന്ന പ്രബന്ധത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതാണ് 'പെങ്ങൾ' എന്ന കവിതയുടെ ബീജം. അമ്മയെപ്പോലെ പെങ്ങൾ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണ്. അവൾ സ്വന്തം സുഖങ്ങൾ മാത്രമല്ല മോഹങ്ങൾപോലും വെടിഞ്ഞ് അമിതസ്നേഹം ചൊരിഞ്ഞ് വളർത്തിവലുതാക്കിയ കുഞ്ഞനുജൻതന്നെ സ്നേഹശൂന്യതയുടെ, സ്വാർത്ഥത്തിന്റെ, ക്രൂരതയുടെ ബിംബമായി മാറുന്നു. അരുതാത്തതെന്നു സമൂഹം വിലക്കിയതുപോലും ആ ചേച്ചിക്കു ചെയ്യേണ്ടിവന്നത് അവന്റെ ഉയർച്ചയ്ക്കുവേണ്ടി മാത്രമായിരുന്നു. ഒടുവിൽ അവന്റെ മാനം കാക്കുവാൻ അവൾ വീടുവിട്ടിറങ്ങി. അവനോ അരുതെന്നു വിലക്കിയില്ല.

> തെരുവിൽക്കൂർത്ത ചരൽക്കല്ലുകളിൽ
> ജീവിതരക്തം പാറ്റിക്കൊണ്ടവൾ
> കരുതിയിറങ്ങി; യൊരിക്കൽക്കൂടി-
> പ്പിന്തിരിയുകയാണവളുടെ നോട്ടം;

നിറകണ്ണോടേ കാണുകയാണവൾ
കുനുമീശയിലേ കൈവിരൽ ചേർത്തി-
ക്കുനിവൊരു കുളിരമ്പിളിയെ; ത്തേങ്ങീ
തന്റേതിന്നലെവരെയാ സർഗ്ഗം.

ഇവിടെ വാച്യതലത്തിൽ ധർമ്മത്തിന് പരാഭവമാണ് സംഭവിച്ചത്. എന്നാൽ കൂടുതൽ പ്രധാനമായ വ്യംഗ്യാർഥമണ്ഡലത്തിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മഹിമകൊണ്ടു വിരിയുന്നൊരു പ്രകാശവലയത്തിൽ ധർമ്മം തിളങ്ങിനിൽക്കുകതന്നെ ചെയ്യുന്നു. അവിവാഹിതയായ പെങ്ങളുടെ അപഥസഞ്ചാരം ഈ സവിശേഷപ്രകരണത്തിൽ അധർമ്മമല്ലാതായി മാറുന്നു. മറിച്ച് ധർമ്മമായിപ്പകരുന്നു. അത് അധർമ്മമെന്നു കരുതുന്ന ധർമ്മരക്ഷകരാകട്ടെ അധാർമ്മികരായിത്തീരുന്നു. ധർമ്മാധർമ്മവിവേകം അത്യന്തം ദുർഗ്രഹമെന്നു തെളിയുകയാണ്. സ്ത്രീയുടെ പാതിവ്രത്യത്തിനുള്ള ധാർമ്മികമൂല്യം ഇടശ്ശേരി ഒരിക്കലും നിഷേധിച്ചിട്ടില്ല. എന്നാൽ സഹധർമ്മിണി എന്ന പദത്തിന്റെ വിവക്ഷയ്ക്കു വില കല്പിക്കാത്ത കാമചാരികളുടെ ഭാര്യാഭർതൃബന്ധം വ്യഭിചാരത്തേക്കാൾ വലിയ അധർമ്മമായിട്ടാണ് അദ്ദേഹം പരിഗണിച്ചിട്ടുള്ളത്. 'കവിതയെപ്പറ്റി എന്റെ സങ്കല്പങ്ങൾ' എന്ന പ്രബന്ധത്തിൽ അദ്ദേഹമെഴുതി:

> അനഭിമതനായ ഒരു പുരുഷനാൽ അയാൾ ഭർത്താവായിപ്പോയെന്ന കാരണംകൊണ്ട്, ആമരണം ബലാത്സംഗം ചെയ്യപ്പെടുന്ന അനുകമ്പാർഹയായ ഒരു സ്ത്രീയെ പതിവ്രതയെന്നു പുകഴ്ത്താൻ സാമൂഹ്യബോധമുള്ള ഒരു സാഹിത്യനിർമ്മാതാവ് കൂട്ടാക്കുകയില്ല.

സ്നേഹം, സ്വാർത്ഥത എന്നീ വിരുദ്ധദ്വന്ദ്വങ്ങളുടെ സംഘർഷമാണ് 'വിവാഹസമ്മാനം' എന്ന നാടകീയമായ ആഖ്യാനശില്പത്തിന്റെയും അടിസ്ഥാനപ്രമേയം.

ഞാനിക്കറുത്തൊരു നീറ്റിൽ മുങ്ങി-
ക്കാണാതെയാമ്പോൾ കരയുമോ നീ?

എന്നു കുഞ്ഞനുജനോടു ചോദിക്കുന്ന ചേച്ചി തന്നെ വഞ്ചിച്ച കാമുകനെയോ അയാളുടെ വധുവായ തന്റെ അനുജത്തിയെയോ വീട്ടുകാരെയോ കുറ്റപ്പെടുത്തുന്നില്ല. ആത്മഹത്യ ഭീരുത്വവും പാപവുമാണെന്നത്രേ അഭിജ്ഞമതം. എന്നാൽ ഇത് പാപമെന്നോ ഭീരുത്വമെന്നോ ധർമ്മത്തിന്റെ പരാജയമെന്നോ നിന്ദിക്കുവാൻ വയ്യാത്തവിധം സ്നേഹസുരഭിലമായ ആത്മത്യാഗത്തിന്റെ വിജയമായിത്തീരുന്നു. നവദമ്പതിമാർക്ക് സമർപ്പിക്കുന്ന താമരപ്പൂ അവളുടെ ജീവിതമാണ്. കവിതയിലെന്നപോലെ ജീവിതത്തിലും പ്രകടമായ വാച്യ-വാചകതലത്തെ അതിക്രമിച്ചുകൊണ്ടാണ് മുഖ്യാർത്ഥതലം പ്രതീതിഗോചരമാകുന്നത്.

ധർമ്മാധർമ്മസംഘർഷത്തിൽ ധർമ്മത്തിനുള്ള അപരിമേയമായ ശക്തിയാണ് 'ഹനുമൽസേവ തുഞ്ചൻപറമ്പിൽ' എന്ന കവിതയുടെയും പ്രമേയം. ഇവിടെ ഹനുമാൻ ത്യാഗത്തിന്റെയും അർപ്പണബോധത്തിന്റെയും കർമ്മചൈതന്യത്തിന്റെയും പ്രതീകമാണ്. 'അധർമ്മപരിശുഷ്കം ലങ്കതന്നോലപ്പുറത്തരക്കൻ നിക്ഷേപിച്ച ചെങ്കനൽപ്പൊരിയായ' സീതാദേവി സംശുദ്ധമായ ധർമത്തിന്റെ ദാഹകശക്തിയുള്ള തിളക്കമാണ്.

രാമാംഘ്രിപരാഗത്തെസ്സഫലം സീതാപദ-
ത്താമരപ്പൂവിൽച്ചേർത്ത കാറൊളിവണ്ടത്താനേ
നിൻ കഴൽപ്പൊടിയെന്നെൻ ശിരസ്സിൽ പതിയുമ
ന്നെൻകണ്ഠം പക്ഷേ, രണ്ടാം മേഘസന്ദേശം പാടും.

എന്നീ വരികളിൽ ശ്രീരാമഭക്തിയേക്കാൾ ഹനുമൽഭക്തിയാണ് മുന്നിട്ടു നിൽക്കുന്നത്. എന്നാൽ അതു കേവലം ലോകസാധാരണമായ ഭക്തിയല്ല. ഹനുമാൻ പ്രതിനിധാനം ചെയ്യുന്ന കർമ്മയോഗിത്വം, നിസ്വാർത്ഥസേവനത്തിലൂടെ നേടിയ ചിരംജീവിത്വം- അതിലാണ് ഇടശ്ശേരിയ്ക്കാഭിമുഖ്യം:

കണ്ണടച്ചിരുന്നെന്നും ജപിച്ചുകൊള്ളട്ടേ ഹാ
വിണ്ണു വേണ്ടവരെല്ലാം വിണ്ണിലേയ്ക്കെത്തും വരെ
എൻ ദുര ചിരഞ്ജീവിയാകുവാനല്ലോ, കനി-
ഞ്ഞെങ്കൽച്ചേർത്താലും ഗുരോ, സേവനമന്ത്രാക്ഷരം.

ഇടശ്ശേരി ആസ്തികനല്ലെന്ന് ഇതിന്നർത്ഥമില്ല. 'അമ്പാടിയിലേയ്ക്കു വീണ്ടും', 'കാശാവു പൂത്തു', 'ഗോപികാഗോവിന്ദം', 'പാൽക്കടൽ കടയുമ്പോൾ' മുതലായ കവിതകൾ ആത്മസമർപ്പണരൂപമായ ഭക്തിയുടെ അമൃതം വഴിയുന്നവയാണ്. ത്യാഗവും

ആത്മാർപ്പണവുംകൊണ്ട് ഏതു തീക്കടലും തരണം ചെയ്യുവാൻ പോരുന്ന ധാർമ്മികബലമാണ് ഭക്തിയെന്ന് ഹനുമൽചരിതത്തിലൂടെ ഇടശ്ശേരി കാണിച്ചുതന്നിട്ടുണ്ട്. മറിച്ച്, ഭക്തി സ്വാർഥവും ഭോഗതൃഷ്ണതയുംകൊണ്ട് കലുഷമാകുമ്പോൾ വെറും നാട്യമായീ അപഹാസ്യമായിത്തീരുന്ന പ്രതിലോമഗതിയാണ്, 'പള്ളിച്ചൂണ്ടൽ' ഉൾക്കൊള്ളുന്ന പ്രമേയം. ഈ ആഖ്യാനകവിതയിലെ പരമഭക്തനായ നായകൻ ദുഃഖാനുഭവത്തിൽ തളർന്ന് കോപം പൂണ്ട് പൂജാവിഗ്രഹം വലിച്ചെറിയുകയും പിന്നീട് കുറ്റബോധത്തോടെ അതു തിരിച്ചെടുത്ത് ഈശ്വരകോപം ഭയന്ന് വണങ്ങുകയും ചെയ്യുന്നു. ദുഃഖത്തിന്റെ അഗ്നിപരീക്ഷ നേരിടുവാൻ കെല്പില്ലാത്ത ആ ഭീരുവിന്റെ ഭക്തിതന്നെ അധർമ്മമായി മാറുകയാണ്. ഇടശ്ശേരിയുടെ പക്ഷത്തിൽ, ''ദുഃഖാനുഭൂതി മനുഷ്യനെ പ്രബലനും മഹാനുമാക്കി ഉയർത്തും, ദുഃഖഭീതിയാവട്ടെ മനുഷ്യനെ ചെറ്റയാക്കുകയേ ചെയ്യുന്നുള്ളൂ." ('എന്റെ കാഴ്ചപ്പാട്').

ഭക്തിയാം ചൂണ്ടലൊരിക്കൽ വിഴുങ്ങിയ
ഭാഗ്യഹീനന്നില്ല മുക്തി പിന്നെ.

എന്ന ഈ കവിതയുടെ തത്ത്വസാരം ഇടശ്ശേരിയുടെ നർമ്മബോധത്തിനു മികച്ച ഉദാഹരണമാണ്. ആത്മബലമില്ലാത്ത ഭക്തി തൊണ്ടയിൽ കുടുങ്ങിയ പള്ളിച്ചൂണ്ടലത്രേ. ഈ കവിതയുടെ പേരിൽ ഇടശ്ശേരിയെ യുക്തിവാദിയെന്നു ചിലർ അഭിനന്ദിച്ചു; ചിലർ വിമർശിക്കയുമുണ്ടായി. ഈ രണ്ടു കൂട്ടർക്കും കവിതയുടെ പൊരുൾ പിടികിട്ടിയില്ലെന്ന് അദ്ദേഹത്തിനറിയാം. ''പള്ളിച്ചൂണ്ടലെഴുതിയതിന് ഞാനൊരു യുക്തിവാദിയാണെന്നു കേട്ടപ്പോഴും പണിമുടക്കെഴുതിയതിനു ഞാനൊരു കമ്യൂണിസ്റ്റാണെന്നു കേട്ടപ്പോഴും എനിക്കു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല" എന്ന് പില്ക്കാലത്ത് (1953) അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ('എന്റെ കവിത').

'പണിമുടക്ക'ത്തിന്റെ അടിസ്ഥാനപ്രമേയവും ധർമ്മാധർമ്മങ്ങളുടെ സംഘട്ടനമാണ്. നിഷേധിക്കപ്പെട്ട അവകാശങ്ങൾക്കുവേണ്ടി തൊഴിലാളികൾ പണിമുടക്കുന്നത് അകർമണ്യതയല്ല. ഒരു സോഷ്യലിസ്റ്റ്വ്യവസ്ഥിതിയിൽ അതു ധർമ്മവും കർമ്മവുമാകുന്നു. തൊഴിലാളി-മുതലാളി, ദാരിദ്ര്യം-ധാരാളിത്തം, ഒൻപതു മക്കളുണ്ടായിരിക്ക-മക്കളില്ലായ്മ, ദയനീയത-നിർദയത്വം എന്നീവിധം ദ്വന്ദ്വങ്ങളിലൂടെ സോഷ്യലിസ്റ്റ്ആദർശവും ഫ്യൂഡൽപ്രഭുത്വവും തമ്മിലുള്ള സംഘർഷം നാടകീയമായ ഇതിവൃത്തത്തിൽ പടരുന്നു. അതിൽനിന്ന് അശക്തരുടെ ആത്മബലം സ്നേഹത്തിന്റെ, മാതൃത്വത്തിന്റെ, ധർമ്മത്തിന്റെ ശക്തിയായി ഉണരുന്നു.

കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ

എന്നു കാഹളം മുഴങ്ങുന്നു. കർമ്മശക്തികൊണ്ടു ധർമ്മത്തിനുണ്ടാവാൻ പോകുന്ന പാര്യന്തികവിജയം അതിൽ പ്രതീയമാനമായി സ്പന്ദിക്കുന്നു.

'പുത്തൻകലവും അരിവാളും' എന്ന കവിതയിലെ ഇതിവൃത്തത്തിന്റെയും അടിയടര് ഇതുതന്നെയാണ്. ആ കവിതയുടെ ബീജമായി രണ്ടു ചോദ്യങ്ങളത്രേ ഇടശ്ശേരിയുടെ മനസ്സിൽ പതിഞ്ഞുകിടന്നത്. ആരു വിതച്ചു? ആരു കൊയ്തു? ('എന്റെ പണിപ്പുര'). കോമൻ വിതച്ചു; കോടതിയാമീനുമാൾക്കാരും ജന്മിക്കുവേണ്ടി കൊയ്തു. പാവപ്പെട്ട കൃഷിക്കാരന്റെ കർമ്മവും ധർമ്മവും ജന്മിയുടെ അധികാരവും അധർമ്മവും വിരുദ്ധകോടികളായി വളർത്തുന്ന സംഘർഷത്തിന്നൊടുവിൽ അധികാരത്തിനു താത്കാലികവിജയം നേടാൻ കഴിഞ്ഞു. എങ്കിലും, ദുർബലനായ കർഷകന്റെ ധർമ്മബലം പുത്തൻകലം, അരിവാൾ എന്നീ കാർഷികബിംബങ്ങളിൽ ഇടിവെട്ടുകയാണ്.

അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ.

ആസന്നമായ ധാർമ്മികവിപ്ലവത്തിന്നാണ് വിജയമെന്ന് ഒരു പുതിയ സാമൂഹികവ്യവസ്ഥിതി സ്വപ്നം കാണുന്ന സാമാന്യജനങ്ങളുടെ പ്രതിനിധിയായ കവി വ്യംഗ്യമര്യാദയിൽ ഉദ്ഘോഷിക്കുന്നു.

ധർമ്മാനുബന്ധിയായ കർമ്മത്തിന് ഇടശ്ശേരി പരികല്പിച്ച പ്രാധാന്യം 'ഊർച്ചയും വിത്തൂന്നലും' എന്ന കവിതയിലെ ഈ വരികളിൽ കേൾക്കാം:

ആയിരം മുളയുള്ള വിത്തല്ലോ കർമ്മം, നല്ല-
തായിടും വിത്തത്രയും നല്ലതേ വിളയിക്കൂ.

എന്നാൽ, മത്സ്യം വിറ്റു നടന്ന കുഞ്ഞൂസയുടെ ഇക്കഥയിൽ കർമ്മം നിഷ്ഫലമായിപ്പോയതിന്റെ ദുഃഖവും പ്രതിഷേധവും നിറഞ്ഞുനിൽക്കുന്നു. അധികാരമാളുന്നവർ ഇന്നത്തെ സമതുലിതമല്ലാത്ത സാമൂഹികവ്യവസ്ഥിതിയെ വേണ്ടവിധം ഊർന്നു നിരപ്പാക്കാത്തതുകൊണ്ടത്രേ കർമ്മത്തിന്റെ വിത്തുകൾ പട്ടുപോകുന്നത്.

വിഷമതരങ്ങളാം സാമൂഹ്യതലങ്ങളിൽ
വിഷവല്ലിക്കേ പറ്റൂ വേരൂന്നിപ്പിടിക്കുവാൻ.

അതുകൊണ്ട്, ഈ സാമൂഹികാവസ്ഥയെ ധർമ്മബോധത്തിന്റെ നുകംകൊണ്ട് ഉഴുതുമറിക്കണമെന്ന ആഹ്വാനമാണ് വരികൾക്കിടയിൽ മുഴങ്ങുന്നത്.

ആർഷപാരമ്പര്യമുയർത്തിപ്പിടിച്ച ധർമ്മബോധത്തോടൊപ്പം ഗാന്ധിയൻ ആദർശങ്ങളായിരുന്നു ഇടശ്ശേരിയുടെ ഉൾക്കരുത്ത്. അടിമത്തബോധത്തോടെ ജനിച്ച തന്നിൽ സ്വാതന്ത്ര്യബോധം ജനിപ്പിച്ചത് ഗാന്ധിയൻകാലഘട്ടത്തിന്റെ ചൈതന്യമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. 'ഈ അന്തരീക്ഷം സമുന്നതങ്ങളായ ചിന്തകളാൽ നിറഞ്ഞിരുന്നു. ശ്വസിച്ച ഓരോ വായുകണവും സത്യധർമ്മങ്ങളുടെ സൗരഭ്യം പുരണ്ടതായിരുന്നു.' ('ഒരു കവിയുടെ വളർച്ച')-ഗാന്ധിജി എന്ന വ്യക്തിയെക്കുറിച്ച് ഒന്നുമെഴുതിയിട്ടില്ലെങ്കിലും "ഗാന്ധിജിയെ സ്മരിച്ചുകൊണ്ടല്ലാതെ സാഹിത്യത്തിൽ ഒരു വരിപോലും ഇന്നുവരെ ഞാനെഴുതിയിട്ടില്ല" എന്ന് 63-ാം വയസ്സിൽ ഇടശ്ശേരി എഴുതിയിട്ടുണ്ട്. ('ഗാന്ധിജി എനിക്ക് എന്തു തന്നു?') അദ്ദേഹത്തിന്റെ വ്യക്തിസത്തയിൽ ഒരു കർമ്മയോഗിയുടെ ആദർശധീരതയും ത്യാഗവിശുദ്ധിയും തിളങ്ങിനിന്നതിനു വേറെ ഹേതുവന്വേഷിക്കേണ്ടതില്ല. ഗാന്ധിയൻ കർമസങ്കല്പം, കൈത്തൊഴിലിന്റെ മഹത്വം ആണ് 1940-ൽ എഴുതിയ 'കർമ്മസോപാനം' എന്ന കവിതയുടെ പ്രമേയം. ''നൈഷ്കർമ്മ്യത്തിന്നെഴും കാവിത്തുണിക്കുള്ളിൽ നിഷ്ഫലം മൂടപ്പെടാതെ'' പാവങ്ങൾക്കു കൈത്തൊഴിൽ നൽകുന്ന ചർക്കയുടെ സേവനസന്ദേശത്തിനാണ് അദ്ദേഹം കാതോർക്കുന്നത്. ഇവിടെ വിരുദ്ധധ്രുവത്തിൽ വർത്തിക്കുന്നത് ആധുനികയന്ത്രസംസ്കാരമാണ്.

അൻപോടെ വാഗ്ദാനം ചെയ്വതുണ്ടേറെപ്പേർ
വൻപിച്ച യന്ത്രങ്ങൾ ചൂണ്ടിക്കാട്ടി
നാലു മണിക്കൂറു താൻ വേല, പിന്നെയോ
നാകലോകാർഹസുഖാനുഭോഗം
എങ്കിലും മോഹിതർ ഞങ്ങളീ നീണ്ടൊരു
നിൻകളസംഗീതധാരയിങ്കൽ
ജീവിതലാഘവം നൽകുമേ ഭൂവിന്നു
നാകത്തിന്നില്ലാത്ത സൗകുമാര്യം.

കൈത്തൊഴിലും അതിനോടു ചേർന്ന ഗ്രാമീണസ്വപ്നങ്ങളും യന്ത്രസംസ്കാരത്തിന്റെ ധനലോഭത്തിനു മുന്നിൽ പൊലിഞ്ഞുപോകുന്നതിലുള്ള ഉൽക്കടമായ പ്രതിഷേധം 'നെല്ലുകുത്തുകാരി പാറു'വിന്റെ കഥയിൽ കാണാം. അതോടൊപ്പം സൗന്ദര്യം: വൈരൂപ്യം, സൗശീല്യം: ദുശ്ശീലം എന്നിവയുടെ വൈരുദ്ധ്യം ആത്യന്തികമല്ലെന്നുകൂടി ഈ കവിത തെളിയിക്കുന്നു. അത് പ്രായോഗികമായ ധാർമ്മികതയുടെ അടിസ്ഥാനത്തിലാണെന്ന വസ്തുത തിരിച്ചറിയേണ്ടതുണ്ട്.

ഗ്രാമീണപാരമ്പര്യത്തിന്റെ ലാളിത്യവും നിഷ്കളങ്കതയും നാഗരികമായ യന്ത്രസംസ്കൃതിയോടും പരിഷ്കാരത്തോടും ഇടഞ്ഞുനിൽക്കുമ്പോഴുള്ള സംഘർഷമാണ് 'കുറ്റിപ്പുറം പാലം' എന്ന കവിതയിലും ഊർജ്ജസ്രോതസ്സായി വർത്തിക്കുന്നത്. ഇരുപത്തിമൂന്നോളം ലക്ഷം രൂപ ചെലവാക്കി നിർമ്മിച്ച പാലത്തിന്മേൽ അഭിമാനത്തോടെ നിന്ന് അടിയിലൊഴുകുന്ന പേരാർ നോക്കിയപ്പോൾ തടംതല്ലിയിരച്ചുപാഞ്ഞുവരുന്ന പുഴയ്ക്ക് ഈ പാലത്തിന്റെ നാട്ട നൂഴേണ്ടിവരുന്ന ഗതികേടോർത്ത് തനിക്ക് ചിരി വരുന്നുവെന്ന് കവി പറയുന്നു. പുതുലോകത്തിന്റെ ഉമ്മറപ്പടിയിൽ നിൽക്കുമ്പോഴത്തെ ഈ അത്ഭുതാഹ്ലാദങ്ങൾ ഉത്തരക്ഷണത്തിൽ ഉള്ളിലുറവാർന്ന ഒരു വേദനയായി മാറുകയാണ്. പരന്നുകിടക്കുന്ന പാടങ്ങളും കായ്കനികൾ നിറഞ്ഞ തോട്ടങ്ങളും, കൃഷിക്കാരുടെ പാട്ടുകളും, കാവുകളിലെ ഉത്സവങ്ങളും, രാത്രിയുടെ നിശ്ശബ്ദതയുമെല്ലാം അകന്നുമായുന്നു; പകരം മറുവശത്തെ

പുതുലോകത്തുനിന്ന് കരിയും കല്ലും ടയറും പെട്രോളും ബഹളവും അടിപിടിയും അപരിചിതരും കടന്നുവരുന്നു. മനുഷ്യൻതന്നെ യന്ത്രമായിത്തീരുമ്പോൾ,

അംബ പേരാറേ നീ മാറിപ്പോമോ
ആകുലമാമൊരഴുക്കുചാലായ്?

എന്ന് ഉത്കണ്ഠപ്പെടുകയാണ് കവി. ദീർഘദർശിയാണദ്ദേഹം; ഇന്നിതാ അതു സംഭവിച്ചു കഴിഞ്ഞിരിക്കുന്നു.

മർത്ത്യവിജയത്തിന്മേൽ തോന്നിയ അഭിമാനവും തികച്ചും ഗ്രാമീണമായ ഈ ഉത്കണ്ഠയും തുല്യബലത്തിലാണെന്നു വ്യാഖ്യാനിക്കുവാനാകില്ല. മല്ലൂർക്കയമിനി ചൊല്ലുമാത്രമായും മല്ലൂരെത്തേവർ തെരുവുദൈവമായും അന്തിമഹാകാളൻകുന്ന് യന്ത്രക്കിടാവ് എറിഞ്ഞുകളിക്കുന്ന പമ്പരമായും മാറുന്ന മാറ്റം മർത്ത്യന്റെ വിജയമായല്ല പരാജയമായാണ് ഇടശ്ശേരി കാണുന്നത്. കളിയും ചിരിയും കരച്ചിലുമില്ലാത്ത യന്ത്രമാക്കി മനുഷ്യനെ മാറ്റുന്ന നഗരസംസ്കൃതിയോട് അദ്ദേഹത്തിന്ന് ആഭിമുഖ്യമില്ല. ഗ്രാമപാരമ്പര്യത്തിലെ വിശുദ്ധിയുടെ, ആർജവത്തിന്റെ, നിഷ്കളങ്കതയുടെ പക്ഷത്താണ് എന്നുമദ്ദേഹം. മല്ലൂർക്കയത്തെയും അന്ത്യാളൻകുന്നിനെയും ഇരവിലെബ്ഭീകരമുകത കളെയും ചുറ്റിപ്പറ്റിയുള്ള പേടിപ്പിക്കുന്ന പഴങ്കഥകളും അന്ധവിശ്വാസങ്ങളുമകന്ന് ഭൂത പ്രേതപിശാചുക്കളൊഴിഞ്ഞ് ഗ്രാമം സ്വച്ഛവും പരിഷ്കൃതവുമായിത്തീരുന്നതിൽ ആഹ്ലാദിക്കുന്ന കവിയല്ല കുറ്റിപ്പുറം പാലത്തിന്മേൽ നിൽക്കുന്നത്. 1972-ലെഴുതിയ ‘കവിതയെപ്പറ്റി എന്റെ സങ്കല്പങ്ങൾ’ എന്ന പ്രബന്ധത്തിലെ ചില പ്രസ്താവങ്ങൾ ഇവിടെ ചേർത്തുവായിക്കേണ്ടതാണ്:

> പലപ്പോഴും കവിസങ്കല്പത്തിന്റെ മധുരിമയെ കെടുത്തിക്കളയാനേ ശാസ്ത്രബോധം പര്യാപ്തമാകുന്നുള്ളൂ....മനുഷ്യമനസ്സ് കേവലമായ സത്യത്തെ -ശാസ്ത്രത്തെ- ഉൾക്കൊണ്ടിരിക്കുമ്പോഴും അസത്യമയങ്ങളായ സങ്കല്പങ്ങളെക്കൊണ്ടു വികാരവത്താകാൻ കഴിവുറ്റതാണ്.... അപ്പോൾ നമ്മുടെ മുപ്പത്തുമുക്കോടി ദേവന്മാരടങ്ങിയ പുരാണസങ്കേതങ്ങളെയും ഭൂതപ്രേതപിശാചസമ്പൂർണങ്ങളായ ഐതിഹ്യങ്ങളെയും എന്തിന്റെ പേരിലായാലും ഒരു കവി നിഷേധിച്ചുകൂടാത്തതാണ്.

സോഷ്യലിസത്തിലായാലും പൗരാണികമോ ഗ്രാമീണമോ ആയ വിശ്വാസങ്ങളി ലായാലും മാനവികതയുടെ അടിസ്ഥാനതത്വം വൈകാരികതയിൽ വേരൂന്നിനിൽക്കുന്ന താണെന്നത്രേ ഇടശ്ശേരിയുടെ വീക്ഷണം.

മർത്ത്യൻ സുന്ദരനാണ്, കാരണമുയിർ-
  ക്കൊള്ളും വികാരങ്ങൾ തൻ
നൃത്യത്തിന്നു മുതിർക്കുവാൻ സ്വയമണി-
  ഞ്ഞിട്ടോരരങ്ങാണവൻ
അത്യന്തം കമനീയമേ മഹിതമാ-
  യാലും മറിച്ചാകിലും
തൽഭാവങ്ങ, ളപൂർണമാണളവുകോ-
  ലെന്നുള്ള കാലംവരെ. (സൗന്ദര്യാരാധന)

കുറ്റിപ്പുറം പാലം പണിയുവാൻ ചെലവായത് ഇരുപത്തിമൂന്നോളം ലക്ഷമാണെന്നു പറഞ്ഞത് വലിയൊരു നേട്ടമാണെന്ന അഭിമാനംകൊണ്ടാണെന്ന് ഉറപ്പിക്കാമോ? ഇടശ്ശേരിയുടെ നർമ്മം മർമ്മഭേദിയും സൂക്ഷ്മവുമാണെന്ന വസ്തുത നാം മറന്നുകൂടാ. കവി മനസ്സിലാവാഹിക്കുന്ന പകൽക്കിനാവുകളിൽ നിഷ്കളങ്കയായ ഗ്രാമലക്ഷ്മിയാണ് വിജയിച്ചരുളുന്നത്; പാലം കടന്നുവരുന്ന നഗരലക്ഷ്മിയല്ല. ഇതിനർഥം ഇടശ്ശേരി പുരോഗതിയെ തടഞ്ഞുനിർത്തുന്ന പഴഞ്ചനാണെന്നല്ല. മഹത്തായ സ്വപ്നങ്ങൾ കാണുന്ന മഹാകവികളുടെ പരമ്പരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. “നിങ്ങൾക്കു സ്വപ്നം കാണാൻ കഴിയുന്നുണ്ടോ? യാഥാർത്ഥ്യങ്ങളുടെ ബീജാങ്കുരം അതിലാണ്. അതേ നിങ്ങളെ ധീരോത്തന്മാരും ധർമ്മസ്ഥൈര്യമുള്ളവരുമാക്കൂ” എന്നാണ് അദ്ദേഹം യുവാക്കളെ ഉപദേശിച്ചത്. (‘ഒരു കവിയുടെ വളർച്ച’).

ധർമ്മത്തെയും ആദർശത്തെയും ആസ്തികതയുടെയോ പാരമ്പര്യത്തിന്റെയോ പേരിൽ അവിചാല്യമായ സ്ഥിരസത്തകളായിക്കരുതുവാൻ ഇടശ്ശേരി ഒരിക്കലും തയ്യാറായിരുന്നില്ല. ‘ഇന്ത്യയെക്കണ്ടെത്തുക’ (1974) എന്ന കവിതയിൽ അദ്ദേഹം തുറന്നുപറഞ്ഞിട്ടുണ്ട്:

ധർമ്മത്തിൻ മുഖഭാവം മാറുന്നു യുഗേ യുഗേ
മൃണ്മയമല്ലാ ജീവത്താമതിൻ പ്രതിരൂപം.

ആദർശങ്ങളെക്കാൾ പ്രായോഗികജീവിതവും കേവലമായ ആസ്തിക്യത്തേക്കാൾ സ്നേഹശൂന്യതയും വിശപ്പുമായിരുന്നു ഇടശ്ശേരിക്കു മുഖ്യപ്രശ്നങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ധർമ്മാധർമ്മങ്ങളെ വിവേചിക്കുവാൻ പാടുള്ളൂ എന്നാണദ്ദേഹത്തിന്റെ പക്ഷം. ഗാന്ധിയനായിരുന്നിട്ടും അദ്ദേഹം അഹിംസാവാദിയായിരുന്നില്ല. 'കൈക്കോട്ടിന്റെ ചിരി'യിൽ കർമ്മംചെയ്യുവാൻ മാത്രമേ നിനക്കധികാരമുള്ളൂ. ഫലത്തിന്നില്ല എന്ന ആർഷസൂക്തത്തെയും അഹിംസാവാദത്തെയും ഇടശ്ശേരി അപഹസിക്കുന്നുണ്ട്.

ചെയ്തിയിൽ മാത്രമധികാരമി,ങ്ങില്ലാഫല-
വ്രാതത്തിലെന്നേ നൂനം വിശ്വസിക്കാവൂ ലോകം
എന്നെന്നും മൺവെട്ടിയാൽ കണ്ടങ്ങൾ കിളച്ചിടു-
കെന്നതല്ലല്ലോ കർമ്മപദ്ധതിയെല്ലാവർക്കും.
ഇന്നെന്റെ കൈക്കോട്ടിനു കർമഭൂ പതിവുപോ-
ലെൻ വയലിലെ മൺകട്ടകളല്ലതോ പിന്നെ
എൻ നിലം കയ്യേറുവാൻ വന്നതാമപഹർത്തൃ-
വൃന്ദത്തിൻ ദുരമൂത്ത മസ്തകാവലിയത്രേ.

വിശന്നുപൊരിയുന്ന മക്കൾക്ക് ഉണ്ണാനുള്ള റേഷനരി വാങ്ങി എളുപ്പവഴിയേ വീട്ടിലേയ്ക്കു തിരക്കിട്ടുപോകുന്ന ഒരുവൻ തന്റെ നേർക്കു ചാടിയ നരിയെ ബുദ്ധപ്രതിമ തള്ളിമറിച്ചിട്ടു കൊന്നുകളഞ്ഞതാണല്ലോ 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിലെ ഇതിവൃത്തം. അഹിംസയുടെ ആചാര്യന്റെ ബിബംകൊണ്ടുതന്നെ ഹിംസ നടത്തിയത് അധർമമാണെന്ന് ആദർശവാദികൾ വാദിച്ചേക്കാം. പ്രായോഗികജീവിതത്തിൽ കുടുംബം പോറ്റുകയെന്ന കൂടുതൽ പ്രധാനമായ ധർമ്മത്തിനു മുന്നിൽ ഈ അധർമ്മം ധർമ്മമായിത്തീരുന്നു.

'വർണ്ണക്കുപ്പായ'മെന്ന കവിതയുടെ പ്രമേയവും ഇതുതന്നെയാണ്. ധർമ്മത്തിനുവേണ്ടിയുള്ള ഹിംസ ധർമ്മംതന്നെയെന്നതിന്റെ നാടകീയാവിഷ്കാരമത്രേ കാവുകളിലെ കോമരം തുള്ളലിലും പടയണിയിലും കാണുന്നത്. രാമൻ രാക്ഷസന്മാരെ കൊന്നുകളഞ്ഞതും ധർമ്മമാണ്. മറിച്ച്, ആർഷധർമ്മത്തിന്റെ പേരിൽ,

പത്മാസനത്തിലിരിപ്പും, തുടമേൽ മലർന്നകയ്യും
പകുതി ചിമ്മിയ കണ്ണും-

ഈ നിഷ്ക്രിയത്വമാണ് അധർമ്മം.

ഭക്തിയും പാരമ്പര്യവും രാഷ്ട്രീയാദർശശുദ്ധിയും പാരമ്പര്യധ്വംസനത്തോട് ഏറ്റുമുട്ടുന്നതാണ് 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിതയുടെ വിഷയം. അവിടെ പാരമ്പര്യവാദിയുടെയും ആദർശക്കാരന്റെയും ധർമ്മബോധം അകർമണ്യതയാൽ അധർമ്മമായും പാരമ്പര്യനിഷേധിയുടെ പ്രായോഗികതാവാദം ധർമ്മമായും തെളിയുന്നു.

ധർമ്മം ഒരു സ്ഥിരരാശിയല്ലെന്നു സാരം. അതു കാലാകാലങ്ങളിൽ പരിഷ്കരിക്കേണ്ട കടമ നമുക്കുണ്ട്.

വെളിച്ചം തൂകിടുന്നോളം പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ പൊട്ടിയാടുകതാൻ വരം.

എന്ന പ്രായോഗികധർമത്തിന്റെ ഉദ്ഗാതാവായിരുന്നു ഇടശ്ശേരി. യാഗത്തിലെ ജന്തുഹിംസയും അതിനു സംരക്ഷണം നൽകുന്ന രാജാവിന്റെ അധികാരശക്തിയും ധർമ്മമാണെന്നു പാരമ്പര്യം ഘോഷിച്ചുപോരുന്നു. എന്നാൽ, കൊടുക്കാനരുതാത്ത തെടുക്കുന്ന ഋത്വിക്കുകളുടെ ചോരപുരണ്ട കത്തിയിൽ അധർമ്മമാണ് തിളങ്ങുന്നതെന്നും നിരായുധന്റെ കാരുണ്യത്തിലാണ് ധർമ്മനീതിയെന്നും നിരക്ഷരനായ ഒരിടയന്നുപോലും ('ബിംബിസാരന്റെ ഇടയൻ') തിരിച്ചറിയാൻ കഴിയുന്നു. അയാൾ ആ ദയാവായ്പിൽ അമ്മയുടെ വാത്സല്യം നുകരുന്നു:

ഞാനറിവീല മുനേ, പിന്നാലെ-
പ്പോന്നവനെങ്കിലുമങ്ങയെ
ഞാൻ നുകരുന്നൂ നിൻ ദയയെപ്പ-
ണ്ടമ്മിഞ്ഞപ്പാലതുപോലെ.

"എന്തുചെയ്താലും തെറ്റാണെന്നു വരുന്ന സന്ദർഭങ്ങളിൽ എന്താണ് ശരി എന്നു നമുക്കു തോന്നുന്നുവോ അതിനെ ഉറപ്പിച്ചു ചെയ്യുക" എന്നത്രേ ഇടശ്ശേരിയുടെ ധർമ്മസൂക്തം

(‘എന്റെ കാഴ്ചപ്പാട”). ചെയ്യേണ്ടതു ചെയ്യാത്ത അധാർമ്മികന് ഒരിക്കലും മാപ്പുകൊടിക്കാൻ അദ്ദേഹം തയ്യാറായില്ല. അതു ക്രൂരതയാണെങ്കിൽ ആവട്ടെ; ആ ക്രൂരത അന്തരാത്മാവിനെ ഉയർത്തട്ടെ എന്നാംശംസിക്കുന്നു ‘മാപ്പില്ല’ എന്ന മുക്തകം.

ചോരക്കൈവാളിനൂണാമരിയൊരജകിശോ-
　　രത്തെ മീളാൻ കുനിച്ചു-
ള്ളോരക്കണ്ഠത്തിൽനിന്നൂറിന മൃദുകരുണാ-
　　വായ്പിലാഴുമ്പൊഴെല്ലാം
ഹാ രക്ഷയ്ക്കാത്മകർമ്മം ശരണമിതരമി-
　　ല്ലില്ല മാപ്പെന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ
　　പിന്നെയും പിന്നെയും നീ.